**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല – നാട്യരത്നം കണ്ണൻ പട്ടാളി സ്മാരക കഥകളി ട്രസ്റ്റ് - ത്രിദിന ദേശീയ സെമിനാറും ശിൽപശാലയും സംഘടിപ്പിക്കുന്നത് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3048/2016/തസ്വഭവ          തിരുവനന്തപുരം, തീയതി, 08/11/2016

---

പരാമർശം:- 1. സ.ഉ.(സാധാ)58/06/തസ്വഭവ തീയതി 16/02/2006.
2. നാട്യരത്നം കണ്ണൻപട്ടാളി സ്മാരക കഥകളി ട്രസ്റ്റ് ചെയർമാന്റെ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്തിൽ അരവത്ത് ദേശം കേന്ദ്രമായി സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന നാട്യരത്നം കണ്ണൻപട്ടാളി സ്മാരക ട്രസ്റ്റ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കണ്ണൂർ സർവ്വകലാശാലയുടെയും സഹകരണത്തോടുകൂടി 2016 നവംബർ 09,10,11 തീയതികളിൽ നീലേശ്വരത്ത് വച്ച് ത്രിദിന ദേശീയ സെമിനാറും ശിൽപശാലയും സംഘടിപ്പിക്കുന്നതിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനാവശ്യമായ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന നാട്യരത്നം കണ്ണൻപട്ടാളി സ്മാരക കഥകളി ട്രസ്റ്റ് നടത്തുന്ന ത്രിദിന ദേശീയ സെമിനാറിന്റെയും ശിൽപ്പശാലയുടെയും സംഘാടനത്തിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10,000/- (പതിനായിരം രൂപ മാത്രം) മുനിസിപ്പാലിറ്റികളിൽ നിന്ന് 15,000/- (പതിനയ്യായിരം രൂപ മാത്രം) അവരുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിനും പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന തുകയുടെ വിശദമായി വിനിയോഗ റിപ്പോർട്ടും സാക്ഷ്യപത്രവും ആഡിറ്റ് സ്റ്റേറ്റ്മെന്റിനൊപ്പം നാട്യ രത്നം കണ്ണൻ പട്ടാളി സ്മാരക കഥകളി ട്രസ്റ്റിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് ( ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
ചെയർമാൻ / സെക്രട്ടറി, നാട്യരത്നം കണ്ണൻ പട്ടാളി സ്മാരക കഥകളി ട്രസ്റ്റ്, കാസർഗോഡ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ